# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:08.08.2026**

## പ്രധാനവാർത്തകൾ

1. യുവജനങ്ങൾ രാജ്യതാൽപ്പര്യത്തിന് മുൻഗണന നൽകണമെന്ന് ഐ.ഐ.ടി ഡൽഹിയുടെ ബിരുദദാന ചടങ്ങിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി.
2. സപ്ലൈകോ ഓണം മെഗാ ട്രേഡ് ഫെയറിന്റെ സംസ്ഥാന തല ഉദ്ഘാടനം മുഖ്യമന്ത്രി വി ഡി സതീശൻ ഇന്ന് എറണാകുളം കലൂരിൽ നിർവഹിച്ചു.
3. എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള 'സ്നേഹസാന്ത്വനം' പദ്ധതിയുടെ തുടർപ്രവർത്തനങ്ങൾക്ക് 14.40 കോടി രൂപയുടെ ഭരണാനുമതി നൽകി സംസ്ഥാന സർക്കാർ.
4. ജനങ്ങളുടെ ജീവനും സ്വത്തിനും സുരക്ഷ ഉറപ്പാക്കുന്നതിനൊപ്പം ഭരണഘടനാ മൂല്യങ്ങൾ സംരക്ഷിക്കാനും പോലീസ് ഉദ്യോഗസ്ഥർക്ക് സാധിക്കണമെന്ന് ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല.
5. മ്യൂൾ അക്കൗണ്ട് തട്ടിപ്പുകൾക്കെതിരെ ജാഗ്രത വേണമെന്ന് കേരള പോലീസ്; ബാങ്ക് അക്കൗണ്ട് വിവരങ്ങൾ അപരിചിതരുമായി പങ്കുവെയ്ക്കരുതെന്നും നിർദ്ദേശം.
6. സംസ്ഥാനത്ത് വ്യാപക മഴ; ഏഴ് ജില്ലകളിൽ ഓറഞ്ച് ജാഗ്രത; ശക്തമായ കാറ്റിനും സാധ്യതയെന്ന് മുന്നറിയിപ്പ്; കേരളം, കർണാടക. ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും നാളെയും മത്സ്യബന്ധനത്തിന് വിലക്ക്.

&&&&&&&&&&&&&&&&&&

RNUTVPM

## <u>ഉപരാഷ്ട്രപതി - സന്ദർശനം</u>

ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ രണ്ടുദിവസത്തെ സന്ദർശനത്തിനായി ആൻഡമാൻ നിക്കോബാർ ദ്വീപുകളുടെ തലസ്ഥാനമായ ശ്രീവിജയപുരത്തിലെത്തി. ഐ.എൻ.എസ് ഉത്ക്രോഷിൽ എത്തിയ ഉപരാഷ്ട്രപതിക്ക് ഗാർഡ് ഓഫ് ഓണറോടെ ഔദ്യോഗിക സ്വീകരണം നൽകി. ദേശീയ സ്മാരകമായ സെല്ലുലാർ ജയിൽ സന്ദർശിച്ച് രക്തസാക്ഷി മണ്ഡപത്തിലും സ്വതന്ത്രജ്യോതിയിലും അദ്ദേഹം പുഷ്പാർച്ചന നടത്തും. നാളെ, 'ഹർ ഘർ തിരംഗ' പ്രചാരണ പരിപാടിയിൽ പങ്കെടുക്കുന്ന ഉപരാഷ്ട്രപതി, ശ്രീ വിജയ പുരത്തിലെ ഫ്ലാഗ് പോയിന്റിൽ ദേശീയ പതാക ഉയർത്തും.

&&&&&&&&&&&&&&&&&&

## <u>പി.എം - ഐ.ഐ.ടി ഡൽഹി</u>

യുവജനങ്ങൾ തീരുമാനങ്ങൾ എടുക്കുമ്പോൾ രാജ്യതാൽപര്യത്തിന് മുൻഗണന നൽകണമെന്നും തങ്ങളുടെ പ്രവർത്തനങ്ങൾ രാജ്യത്തിന് എങ്ങനെയെല്ലാം പ്രയോജനപ്പെടുമെന്ന് ചിന്തിക്കണമെന്നും പ്രധാനമന്ത്രി നരേന്ദ്ര മോദി. ഐ.ഐ.ടി ഡൽഹിയുടെ 57-ാമത് ബിരുദദാന ചടങ്ങിനെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. എല്ലാ മേഖലകളിലും രാജ്യം സ്വാശ്രയത്വം കൈവരിക്കാനുള്ള ശ്രമത്തിലാണെന്നും ഇത് വികസിത ഭാരതം കെട്ടിപ്പടുക്കുന്നതിനുള്ള ശക്തമായ അടിത്തറയായി മാറുമെന്നും പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു.

RNU TVPM

&&&&&&&&&&&&&&&&&&

## <u>മുഖ്യമന്ത്രി- യു.എസ് സ്ഥാനപതി</u>

മുഖ്യമന്ത്രി വി.ഡി. സതീശനും ഇന്ത്യയിലെ യു.എസ് സ്ഥാനപതി സെർജിയോ ഗോറും തമ്മിൽ കൊച്ചിയിൽ കൂടിക്കാഴ്ച നടത്തി. ചീഫ് സെക്രട്ടറി ബിശ്വനാഥ് സിൻഹയും മറ്റ് ഉന്നത ഉദ്യോഗസ്ഥരും ചർച്ചയിൽ പങ്കെടുത്തു. ഉന്നതവിദ്യാഭ്യാസം, ടൂറിസം, സംസ്കാരം, നിക്ഷേപം, തീരദേശ-തുറമുഖ വികസനം തുടങ്ങിയ മേഖലകളിൽ കേരളവും അമേരിക്കയും തമ്മിലുള്ള

പരസ്പര സഹകരണം ശക്തമാക്കുന്നതിനെക്കുറിച്ച് ഇരുവരും ചർച്ച ചെയ്തു.

&&&&&&&&&&&&&&&&&&

## രമേശ് ചെന്നിത്തല

കുറ്റാന്വേഷണത്തിലും ജനങ്ങളെ സംരക്ഷിക്കുന്നതിലും കേരള പൊലീസിൻറെ പങ്ക് പ്രശംസനീയമാണെന്ന് ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല. ജനങ്ങളുടെ ജീവനും സ്വത്തിനും സുരക്ഷ ഉറപ്പാക്കുന്നതിനൊപ്പം ഭരണഘടനാ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് പ്രവർത്തിക്കാൻ പോലീസ് ഉദ്യോഗസ്ഥർക്ക് സാധിക്കണമെന്നും മന്ത്രി ഓർമിപ്പിച്ചു. പാലക്കാട് മുട്ടിക്കുളങ്ങര കെ.എ.പി രണ്ടാം ബറ്റാലിയൻ പരേഡ് ഗ്രൗണ്ടിൽ, പാസിങ് ഔട്ട് പരേഡിന് അഭിവാദ്യം സ്വീകരിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.

&&&&&&&&&&&&&&&&&&

## മ്യൂൾ അക്കൗണ്ട്-പോലീസ്

മ്യൂൾ അക്കൗണ്ടുകൾക്കെതിരെ മുന്നറിയിപ്പുമായി കേരള പോലീസ് . സൈബർ കുറ്റവാളികൾ തട്ടിപ്പിലൂടെ കൈക്കലാക്കുന്ന പണം സുരക്ഷിതമായി മാറ്റിയെടുക്കാൻ വ്യക്തികളുടെ ബാങ്ക് അക്കൗണ്ടുകൾ വാടകയ്ക്കെടുക്കുന്ന തട്ടിപ്പുകൾക്കെതിരെ ജാഗ്രത വേണമെന്ന് പോലീസ് നിർദ്ദേശം നൽകി. ബാങ്ക് അക്കൗണ്ടുകൾ മറ്റുള്ളവർക്ക് കൈകാര്യം ചെയ്യാൻ നൽകരുതെന്നും അക്കൗണ്ട് വിവരങ്ങളോ വ്യക്തിഗത വിവരങ്ങളോ അപരിചിതരുമായി പങ്കുവെക്കരുതെന്നും പോലീസ് നിർദ്ദേശിച്ചു.

&&&&&&&&&&&&&&&&&&

## കാസർഗോഡ് - റേഷൻ (ഇൻട്രോ)

സർക്കാറിൻറെ നൂറ് ദിന കർമ്മ പരിപാടിയുടെ ഭാഗമായി ഗോത്ര വർഗ്ഗ വിഭാഗക്കാർക്ക് ദീർഘ ദൂരം യാത്ര ചെയ്യാതെ വാസ സ്ഥലങ്ങളിൽ തന്നെ റേഷൻ വിഹിതം ലഭ്യമാക്കുന്ന സഞ്ചരിക്കുന്ന റേഷൻ കട പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നു.

RNUTVPM

കൂടുതൽ വിവരങ്ങളുമായി ആകാശവാണി കാസർഗോഡ് ജില്ലാ പ്രതിനിധി പി.ജഗന്നിവാസൻ..... (വോയ്സ്)

&&&&&&&&&&&&&&&&&&

## ഭരണാനുമതി

കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതരുടെ പുനരധിവാസത്തിനും ക്ഷേമത്തിനുമായി നടപ്പിലാക്കുന്ന സമഗ്ര പാക്കേജായ 'സ്നേഹസാന്ത്വനം' പദ്ധതിയുടെ തുടർപ്രവർത്തനങ്ങൾക്കായി 14.40 കോടി രൂപയ്ക്ക് സംസ്ഥാന സർക്കാർ ഭരണാനുമതി നൽകി. സംസ്ഥാന ബജറ്റിലെ ധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തി സാമൂഹ്യനീതി വകുപ്പ് വഴിയാണ് തുക അനുവദിച്ചത്.

&&&&&&&&&&&&&&&&&&

## നല്ല വാർത്ത

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ "നല്ല വാർത്ത" എല്ലാ ശനിയാഴ്ചയും വൈകുന്നേരം 6.40 ന് പ്രക്ഷേപണം ചെയ്യും. ഇന്നത്തെ പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാം.

PNU TVPM

&&&&&&&&&&&&&&&&&&

## സപ്ലൈകോ ഓണം -മുഖ്യമന്ത്രി (ഇൻട്രോ)

സപ്ലൈകോ ഓണം മെഗാ ട്രേഡ് ഫെയറിന്റെ സംസ്ഥാന തല ഉദ്ഘാടനം മുഖ്യമന്ത്രി വി ഡി സതീശൻ എറണാകുളം കലൂരിൽ നിർവഹിച്ചു. ആഘോഷ വേളകളിൽ വിലക്കയറ്റം ഉണ്ടാകുന്ന സമയങ്ങളിൽ വിപണിയിൽ ആവശ്യമായ ഇടപെടൽ നടത്താൻ സപ്ലൈകോയെ സജ്ജമാക്കുകയാണ് സർക്കാരിന്റെ ലക്ഷ്യമെന്ന് മുഖ്യമന്ത്രി പറഞ്ഞു. ഭാവിയിൽ സപ്ലൈകോയെ സ്വതന്ത്ര സ്ഥാപനമായി നിലനിർത്താനും നടപടികൾ കൈക്കൊള്ളുമെന്നും അദ്ദേഹം പറഞ്ഞു.

(ഹോൾഡ്-വോയ്സ്)

&&&&&&&&&&&&&&&&&&

**ഓണം ഖാദി മേള**

കേരള ഖാദി ഗ്രാമ വ്യവസായ ബോർഡും സംസ്ഥാനത്തെ അംഗീകൃത ഖാദി സ്ഥാപനങ്ങളും സംയുക്തമായി സംഘടിപ്പിക്കുന്ന ഓണം ഖാദി വിപണന മേള ഓഗസ്റ്റ് 10 മുതൽ 15 വരെ തിരുവനന്തപുരം അയ്യങ്കാളി ഹാളിൽ നടക്കും. മേളയോടനുബന്ധിച്ച് ആകർഷകമായ സമ്മാന പദ്ധതിയും പ്രഖ്യാപിച്ചിട്ടുണ്ട്. ഖാദി വസ്ത്രങ്ങൾക്ക് 30 ശതമാനം റിബേറ്റ് ലഭിക്കും.

&&&&&&&&&&&&&&&&&&

**മഴ**

സംസ്ഥാനത്ത് ഈ മാസം 12 വരെ വ്യാപക മഴയ്ക്ക് സാധ്യതയുള്ളതായി കേന്ദ്ര കാലാവസ്ഥ വകുപ്പ്. പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. തിരുവനന്തപുരം, കൊല്ലം, ഇടുക്കി, എറണാകുളം, തൃശൂർ, പാലക്കാട്, മലപ്പുറം ജില്ലകളിൽ മഞ്ഞ ജാഗ്രതയും പ്രഖ്യാപിച്ചിട്ടുണ്ട്. ശക്തമായ കാറ്റിനും സാധ്യതയുണ്ടെന്ന് മുന്നറിയിപ്പുണ്ട്. കേരളം - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും നാളെയും മത്സ്യബന്ധനത്തിന് പോകാൻ പാടില്ലെന്ന് മുന്നറിയിപ്പുണ്ട്.

RNU TVPM

&&&&&&&&&&&&&&&&&&

**ഇടുക്കി മഴ (ഇൻട്രോ)**

ഇടുക്കി ദേവികുളം താലൂക്കിന്റെ വിവിധ ഭാഗങ്ങളിൽ കനത്ത മഴയെ തുടർന്ന് വ്യാപക നാശനഷ്ടം. അടിമാലിയിൽ ഇരുപതോളം വ്യാപാര സ്ഥാപനങ്ങളിൽ വെള്ളം കയറുകയും വിവിധയിടങ്ങളിൽ മണ്ണിടിഞ്ഞ് ഗതാഗതം തടസ്സപ്പെടുകയും ചെയ്തു.

**വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ.... (വോയ്സ്)**

&&&&&&&&&&&&&&&&&&

## ഹർ ഘർ തിരംഗ

സ്വാതന്ത്ര്യ ദിനത്തോടനുബന്ധിച്ച് ഇത്തവണയും രാജ്യത്തുടനീളം ഹർ ഘർ തിരംഗ പരിപാടിയിൽ ആവേശകരമായ പങ്കാളിത്തം. ഈ മാസം 15-ന് മുൻപായി MyGov പ്ലാറ്റ്ഫോമിലൂടെ വൈവിധ്യമാർന്ന ആശയങ്ങളും നിർദ്ദേശങ്ങളും പങ്കുവെക്കാൻ പ്രധാനമന്ത്രി നരേന്ദ്രമോദി ജനങ്ങളോട് ആഹ്വാനം ചെയ്തു.

&&&&&&&&&&&&&&&&&&

## പി.ഐ.ബി ഫാക്ട് ചെക്ക്

'ഡാക് സേവ ഗിഫ്റ്റ്സ്' എന്ന പേരിൽ ഇന്ത്യ പോസ്റ്റ് സമ്മാനങ്ങൾ നൽകുന്നുണ്ടെന്ന തരത്തിൽ സമൂഹമാധ്യമത്തിൽ പ്രചരിക്കുന്ന സന്ദേശം വ്യാജമാണെന്ന് കേന്ദ്ര സർക്കാർ. ഇത്തരം ഓഫറുകളുമായോ സമ്മാന പദ്ധതികളുമായോ ഇന്ത്യ പോസ്റ്റിന് യാതൊരു ബന്ധവുമില്ലെന്ന് പ്രസ് ഇൻഫർമേഷൻ ബ്യൂറോയുടെ ഫാക്ട് ചെക്ക് യൂണിറ്റ് അറിയിച്ചു.

&&&&&&&&&&&&&&&&&&

RNUTVPM

## വ്യോമസേന-സ്വാതന്ത്ര്യ ദിനാഘോഷം

സ്വാതന്ത്ര്യദിനാഘോഷങ്ങളുടെ ഭാഗമായി ദക്ഷിണ വ്യോമസേനയുടെ ആഭിമുഖ്യത്തിൽ തിരുവനന്തപുരത്ത് നിശാഗന്ധി ഓഡിറ്റോറിയത്തിൽ ഈ മാസം 12, 13 തീയതികളിൽ ബാൻഡ് പ്രകടനം സംഘടിപ്പിക്കും. സംഗീതത്തിലൂടെ ദേശാഭിമാനവും ഐക്യ ബോധവും വളർത്തുക എന്നതാണ് പരിപാടിയുടെ ലക്ഷ്യം. അതേസമയം വ്യോമസേനയുടെ സംഗീത പരിപാടി നാളെ ന്യൂഡൽഹിയിലെ ദേശീയ യുദ്ധസമാരകത്തിൽ നടക്കും.

&&&&&&&&&&&&&&&&&&

## കർക്കടക വാവ്

പൂർവികരുടെ സ്മരണ പുതുക്കുന്ന കർക്കടകവാവ് ബലിതർപ്പണത്തിന് സംസ്ഥാനത്തെ വിവിധ ബലി തർപ്പണ കേന്ദ്രങ്ങളിൽ ഒരുക്കങ്ങൾ പുരോഗമിക്കുന്നു. ബുധനാഴ്ച

നടക്കുന്ന പിതൃതർപ്പണ ചടങ്ങുകളിൽ ആയിരക്കണക്കിന് ആളുകളാണ് വിവിധ കേന്ദ്രങ്ങളിൽ ബലിയർപ്പിക്കാനെത്തുന്നത്.

&&&&&&&&&&&&&&&&&&

## ബ്രിക്സ്

ഇന്ത്യയുടെ ബ്രിക്സ് അധ്യക്ഷതയിൽ 11-ാമത് ബ്രിക്സ് സാംസ്കാരിക മന്ത്രിമാരുടെ യോഗം ഇന്ന് ഭോപ്പാലിൽ നടന്നു. ഭോപ്പാൽ പ്രഖ്യാപനം അംഗീകരിച്ചുകൊണ്ടാണ് യോഗം സമാപിച്ചത്. ബ്രിക്സ് അംഗരാജ്യങ്ങൾക്കും പങ്കാളി രാജ്യങ്ങൾക്കും ഇടയിലുള്ള സാംസ്കാരിക സഹകരണം ശക്തിപ്പെടുത്തുന്നതിന് പ്രായോഗികവും ഭാവിയെ മുന്നിൽക്കണ്ടുള്ളതുമായ ഒരു ചട്ടക്കൂട് ഒരുക്കാൻ യോഗത്തിൽ ധാരണയായി .

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

RNUTVPM